## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1712      10.02.2020 ൽ മറുപടിക്ക്

## മന്നാനിയ ആർട്സ് ആന്റ് സയൻസ് കോളേജിലെ അധ്യാപക നിയമനം

**ചോദ്യം**

**ശ്രീ. റോജി എം. ജോൺ**

**മറുപടി**

**ഡോ.കെ.ടി.ജലീൽ**

**(ബഹു. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | പാങ്ങോട് മന്നാനിയ ആർട്സ് ആന്റ് സയൻസ് കോളേജിൽ കോമേഴ്സ് വിഭാഗത്തിൽ നിലവിലുള്ള 7 തസ്തികകൾക്കുപുറമേ 5 അധ്യാപക തസ്തിക കൂടി സൃഷ്ടിക്കണം എന്നപേക്ഷിച്ചുകൊണ്ട് കോളേജ് ഡി4/25697/18 തീയതി: 5/03/2019 പ്രകാരം നൽകിയ അപേക്ഷയിൻമേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | (എ) | കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഡി4/25697/2018 തീയതി 5/3/2019 കത്ത് പ്രകാരം പാങ്ങോട് മന്നാനിയാ ആർട്സ് ആൻഡ് സയൻസ് കോളേജിൽ കൊമേഴ്സ് വിഭാഗത്തിൽ 5 തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിഗണിച്ചു വരുന്നു. |
| (ബി) | കോളേജിൽ കോൺട്രാക്ട് അധ്യാപകരാണ് ഇപ്പോൾ പഠിപ്പിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) | വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് വേണ്ടി ഇപ്പേൾ പഠിപ്പിക്കുന്ന കോൺട്രാക്ട് അധ്യാപകർക്ക് പകരം സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | തസ്തികകൾ സൃഷ്ടിക്കപ്പെടുന്ന മുറയ്ക്ക് മാത്രമേ സ്ഥിരം അദ്ധ്യാപക നിയമനങ്ങൾ സാധ്യമാവുകയുള്ളൂ. പകരം സംവിധാനം എന്ന നിലയിൽ നിയമിക്കപ്പെടുന്ന താൽക്കാലിക അദ്ധ്യാപകരും മതിയായ യോഗ്യതകൾ ഉള്ളവർ തന്നെയാണ്. |

സെക്ഷൻ ഓഫീസർ